"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - പ്രസ്സ് മാന്വൽ പരിഷ്ക്കരണം - പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ ഗവണ്മെന്റ് (ഐ.എം.ജി) ചുമതലപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.83/2022/SPD    തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:- 1. അച്ചടി വകുപ്പ് ഡയറക്ടറുടെ **04/06/2018, 13/03/2020, 31/05/2021, 25/08/2022** തീയതികളിലെ **199/18/**ജി2 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗവണ്മെന്റ് പ്രസ്സുകളുടെ പ്രവർത്തനത്തിനായി **1970**-ൽ ആധികാരികമായി തയ്യാറാക്കിയ രേഖയാണ് പ്രസ് മാന്വൽ എന്നും, **50** വർഷത്തിൽ അധികം പഴക്കമുള്ള പ്രസ് മാന്വൽ പരിഷ്കരിക്കപ്പെടേണ്ടത് അനിവാര്യമാണെന്നും, ഗവൺമെന്റ് പ്രസ് മാന്വൽ പരിഷ്ക്കരിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ ഗവണ്മെന്റ് (ഐ.എം.ജി) ലഭ്യമായ പ്രൊപോസൽ പ്രകാരം ഇതിനു ആവശ്യമായ തുക അനുവദിക്കുന്നതിനും വിനിയോഗിക്കുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം **(1)** പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടി വകുപ്പിലെ ജീവനക്കാർക്ക് ഒരേ സമയം പ്രസ് മാന്വൽ, ഫാക്ടറീസ് ആക്ട്, കേരള സർവീസ് റൂൾസ് എന്നിവ ബാധകമാകുന്ന സാഹചര്യമാണ് നിലനിൽക്കുന്നത് എന്നും അവയിൽ പലതും ഒരേ സമയം അനുവദനീയമാണോ എന്ന വിഷയം ആധികാരികമായി തന്നെ പരിശോധിക്കപ്പെടേണ്ടതാണെന്നും, കാലോചിതമായി പുതുക്കിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി മാന്വൽ പരിഷ്കരിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും വിലയിരുത്തി.

**3)** മേൽ വിവരിച്ച സാഹചര്യത്തിൽ, പ്രസ്സ് മാന്വൽ കാലോചിതമായി പരിഷ്കരിക്കുന്നതിലേക്കായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ ഗവണ്മെന്റ് **(IMG)** നെ ചുമതലപ്പെടുത്തികൊണ്ട് ഉത്തരവാകുന്നു. ഇതോടൊപ്പം മേല്പറഞ്ഞ പ്രവർത്തിക്കായി **Rs. 5, 00, 000/- plus Taxes** എന്നതിൽ കവിയാത്ത തുക "**2058**-എസ്&പി-**00-103-34(3)** അദർ ചാർജ്സ്" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനു വകുപ്പ് മേധാവിക്ക് അനുമതി നൽകുന്നു.

**4)** മാന്വലിന്റെ കരട് തയ്യാറാക്കുന്നതിന് പഠനം നടത്തുന്നതിലേക്കായി നിയോഗിക്കപ്പെടുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മന്റ് ഇൻ ഗവണ്മെന്റ് (ഐ.എം.ജി)

ഏജൻസി യെ സഹായിക്കുന്നതിലേക്കായി വകുപ്പ് മേധാവി യോഗ്യരായ വകുപ്പുതല ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതാണ്.ഈ ഉത്തരവ് പ്രകാരം ആറു മാസത്തിനകം തന്നെ കരട് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-
അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവണ്മെന്റ് (IMG), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Bindu V K
Date: 26-11-2022 17:20:28
സെക്ഷൻ ഓഫീസർ